പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1658 — 05.12.2014 ലെ മറുപടിയ്ക്ക്

## കൃഷിനാശം മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സാജു പോൾ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി നാശം മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; | (എ) കൃഷി നാശം മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നല്കുന്നുണ്ട്. കൂടാതെ കൃഷി നശിച്ച കർഷകർക്ക് വീണ്ടും വിതയ്ക്കുന്നതിനായി 'കണ്ടിജൻസി പ്രോഗ്രാം റ്റു മീറ്റ് നാച്ചുറൽ കലാമിറ്റി ' എന്ന പദ്ധതി വഴി സൗജന്യ നിരക്കിൽ വിത്ത് വിതരണം നടത്തി വരുന്നു. |
| (ബി) ഇത്തരത്തിൽ എത്ര അപേക്ഷകർക്ക് തുക വിതരണം ചെയ്യാനുണ്ടെന്ന് അറിയിക്കുമോ ; | (ബി) 2013-14 മുതൽ 1,34,037 കർഷകർക്ക് തുക വിതരണം ചെയ്യാനുണ്ട്. |
| (സി) ശ്രീ. സി. പി. നാരായണൻ, ചെരുപറമ്പി വീട്, പനിച്ചയം, അശമന്നൂർ, എറണാകുളം എന്നയാൾ സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ, സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (സി) IDEAS പരിശോധിച്ചതിൽ ഈ നിവേദനം ലഭിച്ചതായി കാണുന്നില്ല. |
| (ഡി) നഷ്ടപരിഹാര തുകയുടെ നിരക്ക് കുറച്ചിട്ടുണ്ടോ ; എങ്കിൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പിന്റെ 11-06-2012-ലെ സ.ഉ (എം.എസ്) നം. 239/2012/ഡി എം.ഡി ഉത്തരവ് പ്രകാരം 01-04-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ |

അടിസ്ഥാനത്തിൽ 16-01-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-09-2012-ലെ ജി.ഒ(എം.എസ്) നം. 343/2012/ഡിഎം.ഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ. ഉ(എം.എസ്) നം. 239/2012/ഡിഎം.ഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 01-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ(എം.എസ്) നം. 470/2013/ഡിഎം.ഡി ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ